# “കീമണ്ടാനി”

സഞ്ജയൻ



“കീമണ്ടാനി”

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Blue over Multicolored, a painting by Wassily Kandinsky (1866–1944). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# “കീമണ്ടാനി”

“കീമണ്ടാനി’ എന്നാൽ എന്ത്?” സഞ്ജയൻ തന്റെ ശിഷ്യന്മാരായ കുട്ടികളോട് ചോദിക്കുന്ന ചോദ്യമാണിത്. അവർ ഉത്തരം പറയട്ടെ!

‘അത് ഒരു ലെജിസ്ലേറ്റീവ് കൌൺസിൽ മെമ്പറുടെ പേരാണ് സർ!’

അല്ല; മറ്റവൻ!

‘കീമണ്ടകം’ എന്ന നപുംസകപദത്തിന്റെ പ്രഥമബഹുവചനമാണ്, സർ! കീമണ്ടം—കീമണ്ടേ—കീമണ്ടാനി.

തെറ്റ്; നെക്സ്റ്റ്!

‘സർ, ഒരു പച്ചമരുന്നാണ്, സർ! ചങ്ങലംപരണ്ടയെപ്പോലെ.’

പച്ചമരുന്ന്! നീലമരുന്നാണ്. ആർക്കും ഉത്തരം പറയുവാൻ കഴിയുകയില്ലേ?

‘ഞാൻ പറയാം സർ! ഇത് മാസ്റ്റർ ഞങ്ങളെ പറ്റിയ്ക്കുവാൻ കണ്ടുപിടിച്ച ഒരു കുസൃതിവാക്കാണ്, സർ! അതിന്ന് യാതൊരർത്ഥവുമില്ല.’

ഇരിക്കു, അവിടെ! അധികപ്രസംഗി!

* * *

ശരിയായിട്ടുള്ള ഉത്തരം ആരും പറഞ്ഞിട്ടില്ല. എന്നാൽ ഞാൻ പറയട്ടെ? ‘കീമണ്ടാനി’ എന്നു പറഞ്ഞാൽ ഒരു സ്ഥലമാണ്.

“സത്യം വദാമ്യഹം, സത്യം വദാമ്യഹം
സത്യം മയോക്തം മറിച്ചു രണ്ടായ്‌വരാ!”

ചിറയ്ക്കൽ താലൂക്കിലാണ് ഈ സ്ഥലമെന്ന് തോന്നുന്നു. പക്ഷേ, ഇത് എന്റെ അനുമാനം മാത്രമാണ്. അങ്ങനെയൊരു സ്ഥലമുണ്ട്; അതിനെക്കുറിച്ച് സംശയമില്ല പ്രശസ്തരീതിയിൽ നടത്തപ്പെടുന്ന നിങ്ങളുടെ മാന്യസഹജീവിയുടെ കഴിഞ്ഞ ഒരു ലക്കത്തിലാണ് ഞാൻ ഈ പേർ കണ്ടത്. അതിൽ “കീമണ്ടാനി” എന്ന് സാമാന്യം വലിയ ടൈപ്പിൽ ഈ സ്ഥലപ്പേരും, അതിന്നുചോടെ ഒരു വർത്തമാനക്കത്തും ചേർത്തിട്ടുണ്ട്. 1935 ഫിബ്രവരി 24-നു ഒരു സംഘത്തിന്റെ ഒരു പൊതുയോഗം സ്ഥിരം പ്രസിഡണ്ടിന്റെ അധ്യക്ഷത്തിൽ പ്രസ്തുത കീമണ്ടാനിയിൽ വെച്ചു കൂടുകയും, ആ പൊതുയോഗത്തിൽ രണ്ടു പ്രമേയങ്ങൾ സർവ്വസമ്മതമായി പാസ്സാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വർത്തമാനക്കത്ത് എഴുതിയയച്ചത് മറ്റാരുമല്ല. ഈ സംഘത്തിന്റെ സെക്രെട്ടറി തന്നെയാണ്. ഇതിലധികം നിങ്ങൾക്ക് എന്തു തെളിവാണ് വേണ്ടത്? ഇത്രയും മൊഴികൊടുത്തതിന്നുശേഷം ഏതു മുൻസീഫാണ് “കീമണ്ടാനി” എന്നു പേരുള്ള ഒരു സ്ഥലമുണ്ടാവുകയില്ലെന്നു പറയുക?

കീമണ്ടാനി! എന്തൊരു പേരാണ്! “സിംപ്ലി ബ്യൂട്ടിഫുൾ! ലവ്‌ലി” എന്നുകൂടി പറയാം ആദ്യത്തെ കണ്ഠ്യമൊഴിച്ചു ബാക്കിയെല്ലാം അനുനാസികശബ്ദങ്ങളാണ്. ക്രിസ്തീയദേവാലയങ്ങളിലെ സാവധാനമായ മണിയടിയുടെ ഒരു മുഴക്കം നിങ്ങൾ ആ പേരിൽ കേൾക്കുന്നില്ലേ? നിങ്ങളുടെ പഴയ ചൊക്ലിയുടെ താക്കോൽ പൂട്ടിൽ തിരിയുന്നതുപോലെയോ, പൂച്ച പാലു കുടിയ്ക്കുന്നതുപോലെയോ, ടിക്കറ്റിന്ന് തിയ്യതി അടിക്കുമ്പോലെയോ ഉള്ള ശബ്ദം ഈ കീമണ്ടാനിയുടെ ഗംഭീരാരവത്തിൽ ആണ്ടുലയിച്ചുപോകുന്നില്ലേ? ഇനിമേലിൽ ബാന്റുവാദ്യക്കാർ ആ വലിയ വള്ളുവനാടൻപറപോലെയുള്ള ചെണ്ടയും ഭേസി നടക്കേണമെന്നില്ല. നമ്മുടെ സംഗീതരാക്ഷസന്മാരിൽ ആരെയെങ്കിലും പിടിച്ച് മുമ്പിൽ നടത്തി ആ വിദ്വാനെക്കൊണ്ട് “കീമണ്ടാനി—കീമണ്ടാനി—കീമണ്ടാനി” എന്ന് ഇടവിടാതെ പറയിച്ചാൽ മതി. താളം കൃത്യമായിരിക്കും; മേളം കുറയുകയുമില്ല. ചങ്ങലംപരണ്ടയുടെ പ്രകാശംകൂടി, ഈ കീമണ്ടാനിയുടെ പ്രഭാധോരണിയിൽ പെറ്റ്റോമാക്സിന്റെ പ്രദീപ്തിയിൽ കൈത്തിരിയുടെ വെളിച്ചംപോലെ മങ്ങിപ്പോകുന്നു.

എനിക്ക് കീമണ്ടാനിയെക്കുറിച്ച് അധികം വിവരം കിട്ടണം. തീർച്ചയായും കിട്ടണം. അവിടുത്തെ പോസ്റ്റാഫീസ് ഏതാണ്? കീമണ്ടാനി തന്നെയാണോ? “പോസ്റ്റ്-കീമണ്ടാനി,” എന്നെഴുതിയാൽ പോസ്റ്റ്മാസ്റ്റർ ആരോ തന്നെ ചെണ്ടകൊട്ടിക്കുകയാണെന്നു കരുതി കവർ ചീന്തിക്കളയുകയില്ലല്ലോ? ഏതാണ് അടുത്ത റെയിൽവേസ്റ്റേഷൻ? അതിന്റെ പേര് കീമണ്ടാനിയുടെ അടുത്ത് നിൽക്കുവാൻമാത്രം യോഗ്യതയുള്ളതാണോ; കീമണ്ടാനിക്കു ഓവർലോഡായിപ്പോകുന്ന ബസ്സുകൾ എത്രയുണ്ട്? “കിം തത്രാസ്തി?” (അവിടെ എന്തൊക്കെയുണ്ട്?) വായനശാലയുണ്ടോ? എന്തെങ്കിലും ദായിനീ-വർദ്ധിനീ—പോഷിണീ-സേവക്സേവികാ-വിലാസിനി-വിനോദിനി-രഞ്ജിനി-സഭയോ, സമാജമോ, സംഘമോ, സമിതിയോ, യൂനിയനോ, അസോസിയേഷനോ, അവിടെ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ടോ? അവിടെവെച്ച് ആഴ്ചതോറും അനർഗ്ഗളമായി നിർഗ്ഗളിക്കുന്നതോ, ശ്രദ്ധേയമോ, സുദീർഘമോ, വിജ്ഞേയമോ, ഉജ്ജ്വലമോ, സരസമോ, സാരസമ്പൂർണ്ണമോ, ഫലിതമിളിതമോ, ഇവയെല്ലാമോ ആയ ഭാഷണമോ, പ്രഭാഷണമോ, പ്രസംഗമോ നടക്കാറുണ്ടോ? എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു ബ്രാഞ്ച് സംഘം അവിടെയുണ്ടോ? എത്ര ഉൽഘാടനങ്ങൾ അവിടെവെച്ചു നടന്നു? കീമണ്ടാനിക്കാർ എന്തിനെയെല്ലാം പ്രതിഷേധിച്ചു? എത്ര പ്രമേയങ്ങൾ അവിടെവെച്ച് സ. സ. പ.-യാക്കി? നമ്മുടെ സഖാക്കളും ചിന്തകന്മാരും കൃത്യം നാലുമണിക്ക് സ്ഥലം സന്ദർശിച്ചു. മുൻകൂട്ടി അച്ചടിച്ചു വിതരണംചെയ്ത നോട്ടീസ് പ്രകാരം സ്ഥലം എലിമെണ്ടറി സ്കൂളിൽവെച്ചു കൂടിയ വമ്പിച്ച പൊതുയോഗത്തിൽ വെച്ച് സംഘടനയുടെ ഗുണഗണങ്ങളെപ്പറ്റി കീമണ്ടാനിക്കാരോട് ഒന്നും പറഞ്ഞിട്ടില്ലേ? ഇതൊക്കെയാണ് എനിക്കു അറിയേണ്ടത്—അടിയന്തിരമായി അറിയേണ്ടത്.

ഗുരുവായൂരപ്പാ, ഇങ്ങിനെയൊരു സ്ഥലമുണ്ടായിട്ട് നിങ്ങളാരെങ്കിലും ഒരു വാക്ക് എന്നോടു പറഞ്ഞുവോ? അല്ലെങ്കിൽ, എത്ര ചിന്തകന്മാരുണ്ട്. മണിമണിപോലെയുള്ള തങ്ങളുടെ സ്വതന്ത്രചിന്തകളെ വിതരണം ചെയ്യുവാൻ പറ്റിയ ഒരു പ്രദേശം കാണാതെ, സ്വന്തം വാസനകൊണ്ട് പിരാന്തുപിടിച്ചു പായുന്ന കസ്തൂരിമൃഗങ്ങളെപ്പോലെ നാടെങ്ങും പാഞ്ഞുനടക്കുന്നു! ദൈവമല്ല പരിണാമമാണ് ലോകത്തെ സൃഷ്ടിച്ചതെന്നും മറ്റുമുള്ള തത്ത്വങ്ങൾ അറിയാതെയല്ലേ കീമണ്ടാനിക്കാർ ഇപ്പോഴും ജീവിക്കുന്നുണ്ടായിരിക്കുക? ഇതാ, നിങ്ങൾ വല്ല ചിന്തകന്മാരേയും കണ്ടാൽ അവരെ കീമണ്ടാനിക്ക് അയച്ചേയ്ക്കണേ! വണ്ടിക്കൂലി, എന്തായാലും ഞാൻ കൊടുത്തേയ്ക്കാം. ഒരു പബ്ലിക്ക് സർവീസ് ചെയ്തു തുലയുകയാണെങ്കിൽ തുലയട്ടെ. പണം ആരും അങ്ങോട്ടു പോകുമ്പോൾ കൂടെക്കൊണ്ടുപോകുന്ന സാധനമല്ലല്ലോ.

ഒരു പുതിയ സ്ഥലപ്പേരു പഠിപ്പിച്ചുതന്നതിന്നു മുൻപറഞ്ഞ പത്രത്തോട് സഞ്ജയൻ കടപ്പെട്ടിരിക്കുന്നു. എന്റെ സർ, നിങ്ങൾ അവിടെ ഒരു സ്വ. ലേഖകനെ നിയമിക്കണം. കീമണ്ടാനിയിലെ കാലാവസ്ഥ; നെല്ല് (വണ്ടിക്കും) കുരുമുളക് (കണ്ടിക്കും) തേങ്ങ (ആയിരത്തിന്നും) വെളിച്ചെണ്ണ (ചോതനയ്ക്കും) കീമണ്ടാനിയിലുള്ള നിലവാരം: ഇതൊക്കെ നിങ്ങൾക്ക് അറിയേണമെന്നില്ലെങ്കിൽ സഞ്ജയന്ന് അറിയേണമെന്നുണ്ട്.

“അയ്യോ, അവിടെ യാതൊരു വിശേഷവാർത്തയും ഉണ്ടാകാറില്ല. പിന്നെ എങ്ങിനെയാണ് സ്വ. ലേഖകനായിരിക്കുക?” എന്ന് നിങ്ങൾ പറയരുത്, ഒരു വർത്തമാനക്കത്തിന്നാവശ്യമായ സംഭവങ്ങൾ എവിടേയും, എപ്പോഴും ഉണ്ടാകാറുണ്ടെന്നാണ്, സഞ്ജയൻ മനസ്സിലാക്കിയിരിക്കുന്നത് (കുറച്ച് ഇടത്തോട്ട് മാറിനില്ക്കിൻ! കവിത വരുന്നു!)

> കീമണ്ടാനിയിലുള്ളൊരു വാർത്തകളീ
> മണ്ടന്മാരറിയുന്നില്ലേ?
> നാനാവിധമായുള്ള പകർച്ചവ്യാധിക-
> ളവിടെപ്പുലരുന്നില്ലേ?
> നികുതിപിരിപ്പാൻ വട്ടംകൂട്ടും
> ശകുനികളവിടെ നടക്കുന്നില്ലേ?
> വെള്ളം കുടിയാതാളുകളനവധിയുള്ളം
> നീറിനടപ്പവരല്ലേ?
> കന്നികൃഷിയും മകരകൃഷിയും
> മുന്നേപ്പോലെ തുലഞ്ഞിട്ടില്ലേ?
> നെല്ലില്ലാത്തതുകൊണ്ടു കൃഷിക്കാർ
> പുല്ലുവിരിച്ചു കിടപ്പവരല്ലേ?
> ദേവസ്വംവക നികുതിക്കായിദ്ദേവനു
> ജപ്തി നടത്തീട്ടില്ലേ?
> ഏങ്ങിമരിപ്പാൻ മടിയുള്ളാളുകൾ
> തൂങ്ങിമരിച്ചതു കേട്ടിട്ടില്ലേ?
> ഇടയിടെയോരോ വെട്ടുംകൊലയും
> തടവില്ലാതെനടക്കുന്നില്ലേ?
> ചക്കയുമനവധി മാങ്ങയുമൊക്കെ-
> ക്കക്കാനാരുമൊരുങ്ങീട്ടില്ലേ?
> ഇവയെപ്പറ്റിപ്പുതിയേമക്കാർ ജവമൊടു
> ജോറുകൾ കാട്ടാറില്ലേ?
> മുൻപതിവൊത്താക്കാവിൽ-
> ത്തിറയാഡംബരമോടു കഴിഞ്ഞിട്ടില്ലേ?
> അതുസംബന്ധിച്ചൊരുവക
> കശപിശയതുലാമോദമൊടുണ്ടായില്ലേ?
> ഗുരജനയോഗം മാസംതോറും
> ഗുരുതരമിവിടെക്കൂടാറില്ലേ?
> വിദ്യാർത്ഥികളുടെവകയായി-
> ച്ചിലസദ്യോഗങ്ങൾനടക്കാറില്ലേ?

ഉണ്ടെങ്കിൽ, അവിടെ ഒന്നല്ല, രണ്ടു സ്വന്തം ലേഖകന്മാർക്ക് എഴുതുവാൻ കോളുണ്ടല്ലോ? സഞ്ജയൻ ചങ്ങലംപരണ്ടയിൽനിന്ന് കീമണ്ടാനിയിലേക്ക് സ്ഥലമേശ കൊടുത്ത് മാറി നിങ്ങളുടെ “സ്വന്തം കീമണ്ടാനി ലേഖകനാ”യിരുന്നുകൊള്ളട്ടെയോ? ഞാൻ ഒന്നാന്തരം തടിവിറപ്പിക്കുന്ന വർത്തമാനക്കത്തുകളെഴുതി അയയ്ക്കാം. ഈശ്വരനാണേ, അഹമ്മതിപറയുകയല്ല. ഭാഷണങ്ങളുടെ ഫുൾറിപ്പോർട്ടു വേണമെങ്കിൽ അങ്ങിനെ; രത്നച്ചുരുക്കം മതിയെങ്കിൽ അങ്ങിനെ; ഏതു സ്റ്റൈലിൽ വേണമെങ്കിലും സഞ്ജയൻ എഴുതാം. സാമ്രാജ്യനിയമസഭാപ്രസംഗശൈലിമുതൽ കീഴ്പോട്ട് പഞ്ചായത്തുകോടതിവാഗ്വാദശൈലിവരെയുള്ള എല്ലാ ശൈലികളുടെയും സാമ്പിളുകൾ സഞ്ജയന്റെ മേശയിൽ പല കള്ളികളിലുമായി ശേഖരി—സംഭരിച്ചിട്ടുണ്ട്. മാതൃകാവർത്തമാനക്കത്തുകൾ ഞാൻ ഇനിയൊരു ദിവസമയയ്ക്കാം. നിങ്ങൾക്കു പിടിച്ച മാതൃകയുടെ പുറത്ത് ഒരു ക്രോസ് അടയാളത്തോടുകൂടി മടക്കിയയച്ചാൽ മതി. ഞാൻ കീമണ്ടാനിക്ക് ഊണും കഴിഞ്ഞു പുറപ്പെടുകയായി; നിങ്ങൾ വരുന്നോ?

20.3.1935

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുഴുപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്ന അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.